**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2262** **09-02-2023 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമാണ പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമാണ പെർമിറ്റ് പ്രകാരം കെട്ടിടത്തിന് നിർബന്ധമായും വേണ്ട ടോയിലറ്റ് സംവിധാനം കണക്കാക്കുന്നത് എങ്ങനെയാണ്; വിശദാംശം നൽകാമോ; | (എ) | KMBR 2019, KPBR-2019 എന്നിവയിലെ ചട്ടം 34 (2) പ്രകാരം 50 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഓരോ കെട്ടിടത്തിനും ചുരുങ്ങിയത് ഒരു വാട്ടർ ക്ലോസറ്റ് ഉണ്ടായിരിക്കേണ്ടതാണെന്ന നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 34(3) പ്രകാരം താമസവിനിയോഗ കെട്ടിടങ്ങൾ ഒഴികെയുള്ള മറ്റ് ഉപയോഗ കെട്ടിടങ്ങളിൽ ടേബിൾ 14- ൽ പറഞ്ഞിട്ടുള്ളതിൽ കുറയാതെയുള്ള ശുചികരണ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും മെഡിക്കൽ/ ആശുപത്രി വിനിയോഗ കെട്ടിടങ്ങൾക്ക് ടേബിൾ 15-ൽ പറഞ്ഞിട്ടുള്ളതിൽ കുറയാതെയുള്ള ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും ആണെന്ന നിഷ്കർഷിച്ചിരിക്കുന്നു. ഈ ആവശ്യത്തിലേക്ക് ഒക്യൂപ്പന്റ് ലോഡ് (ഓരോ ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലും ഉൾക്കൊള്ളാവുന്ന ആളുകളുടെ എണ്ണം) ഇതേ ചട്ടത്തിലെ ടേബിൾ 13-ൽ നൽകിയിരിക്കുന്ന നിരക്ക് അനുസരിച്ച കണക്കാക്കേണ്ടതാണ്. കൂടാതെ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കുട്ടികൾക്കും നൽകേണ്ട ശുചീകരണ സൗകര്യങ്ങൾ സംബന്ധിച്ച് KMBR 2019, KPBR-2019 എന്നിവയിലെ ചട്ടം 42 (4) ൽ പ്രതിപാദിക്കുന്നു. |
| (ബി) | റാമ്പ് സൗകര്യം വേണ്ട സാഹചര്യങ്ങൾ അറിയിക്കാമോ; | (ബി) | KMBR -2019, KPBR-2019 എന്നിവയിലെ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കുട്ടികൾക്കും നൽകേണ്ട സൗകര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ള ചട്ടം 42(1) പ്രകാരം A2 (Loadging houses & Special Residential), B (educational buildings), C (Medical/Hospital), D (assembly), E (office), F (commercial), J (Multiplex) എന്നീ വിനിയോഗ ഗണത്തിലുള്ള പൊതുജനങ്ങൾക്ക് പ്രവേശനം ആവശ്യമായ കെട്ടിടങ്ങളിലും A1 ഉപയോഗഗണത്തിലുള്ള പാർപ്പിട ഫ്ലാറ്റുകളിലും പ്രധാന പ്രവേശന കവാടത്തിലേക്ക് റാമ്പ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണെന്ന |

| | | | |
|---|---|---|---|
| | | | പരാമർശിച്ചിട്ടുണ്ട് . KMBR -2019, KPBR-2019 എന്നിവയിലെ ചട്ടം 42(2) പ്രകാരം 1000 ചതുരശ്രമീറ്റർ കവിയുന്ന ഓരോ പൊതുകെട്ടിടത്തിനും 2500 ചതുരശ്രമീറ്റർ കവിയുന്ന ഓരോ പാർപ്പിട ഫ്ലാറ്റുകൾക്കും ഓരോ നിലയിലേക്കും ലിഫ്റ്റ് അല്ലെങ്കിൽ റാമ്പ് വഴിയായി പ്രത്യേക പ്രവേശനം (ഭിന്ന ശേഷിക്കാരെയും വയോജനങ്ങളെയും ഉദ്ദേശിച്ചിട്ടുള്ളത്) നൽകേണ്ടതാണെന്ന് വിശദമാക്കിയിട്ടുണ്ട്. കൂടാതെ സ്റ്റെയർകേസിന് പകരം റാമ്പുകൾ നൽകുന്ന പക്ഷം ആയതിനു 1:10 കവിയാതെയുള്ള ചരിവ് നൽകേണ്ടതാണെന്നും ചട്ടം 35 (3) ൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | പാർക്കിംഗിന് നിർബന്ധമായും വേണ്ട സ്ക്വയർ മീറ്റർ എത്രയാണ്; വിശദമാക്കാമോ? | (സി) | KMBR- 2019, KPBR-2019 എന്നിവയിലെ ചട്ടം 29 ൽ ചട്ടപ്രകാരം നൽകേണ്ട പാർക്കിംഗ് സൗകര്യങ്ങൾ സംബന്ധിച്ച് പ്രതിപാദിക്കുന്നു. ചട്ടം 29(1) ൽ മോട്ടർ കാറുകളുടെ ഓരോ പാർക്കിംഗ് സ്ഥലത്തിന്റെയും അളവുകൾ 5.5X2.7 മീറ്ററിൽ കുറയാൻ പാടില്ലാത്തതാണെന്നും ഇരു ചക്ര വാഹനങ്ങളുടെ ഓരോ പർക്കിംഗ് സ്ഥലത്തിന്റെയും അളവുകൾ 3 സ്ക്വയർമീറ്ററും 1.5 സ്ക്വയർ ആയിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ചട്ടം 29(3) ടേബിൾ 9-ൽ A1 വിനിയോഗ ഗണത്തിലുള്ള പാർപ്പിട ഫ്ലാറ്റുകൾക്കുള്ള പാർക്കിംഗ് സ്ഥലം സംബന്ധിച്ചും ടേബിൾ 10-ൽ A1 വിനിയോഗ ഗണമൊഴികെയുള്ള വിനിയോഗഗണങ്ങൾക്കുള്ള പാർക്കിംഗ് സ്ഥലം സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ